വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ) വിവരം ശേഖരിച്ചുവരുന്നതേയുള്ളൂ.

(ബി) ടെസ്റ്റുപ്പേപ്പർ ലോണായി കൊടുക്കുന്നതിനു് ഉത്തരവു നൽകിയിട്ടുണ്ടു്.

(സി) ടെയ്നിംഗ് കോഴ്സു കഴിഞ്ഞതിനുശേഷം മൂന്നു കൊല്ലത്തിനകം തിരിച്ചുതരണമെന്നാണു വ്യവസ്ഥ.

(ഡി) ഫീസു് തൽക്കാലം അവർ കൊടുക്കേണ്ടതില്ല. മൂന്നുകൊല്ലത്തിനകം അതു അടച്ചാൽ മതിയെന്നും പറഞ്ഞിട്ടുണ്ടു്.

ശ്രീ. പി. എം. കുഞ്ഞിരാമൻനമ്പ്യാർ: സർ, കഴിഞ്ഞ മാർച്ചുമാസത്തിൽ മലബാറിലെ അദ്ധ്യാപക വിദ്യാർത്ഥികൾ നടത്തിയ സമരത്തെ തുടർന്നു് ഏതെങ്കിലും ടെയിനിംഗ് സ്കൂളിലെ വിദ്യാർത്ഥികളുടെ പ്രമോഷൻ നിറുത്തിവച്ചിട്ടുണ്ടോ എന്നുള്ളതാണു് 'എ' ഉപചോദ്യത്തിൽ ചോദിച്ചിരിക്കുന്നതു്. അതിനു വിവരം ശേഖരിക്കേണ്ട കാര്യമെന്താണെന്നു മനസ്സിലാകുന്നില്ല. അതിനുള്ള വിവരം ഇവിടെനിന്നുതന്നെ ലഭിക്കാവുന്നതേയുള്ളൂ.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഈ രാജ്യത്തു് ഒരൊറ്റ സ്കൂളിനുമാത്രമല്ല ഉള്ളതു്. ഏതു സ്കൂളിലെ ഏതു കുട്ടിക്കു പ്രമോഷൻ കൊടുത്തിട്ടില്ലായെന്നുള്ള വിവരം ശേഖരിക്കാതെ പറയാൻ സാധ്യമല്ല.

ശ്രീ. എം. നാരായണക്കുറുപ്പു് : അവർക്കു ചെയ്തുകൊടുത്തിട്ടുള്ള ആനുകൂല്യം മൂന്നുകൊല്ലത്തിനകം തിരിച്ചടയ്ക്കണമെന്നാണു വ്യവസ്ഥ എന്നു പറഞ്ഞു. മൂന്നുകൊല്ലത്തിനകം അവർക്കു് ഉദ്യോഗം കിട്ടുമെന്നാണോ കരുതുന്നതു് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : മൂന്നുകൊല്ലത്തിനകം അവർക്കു ഉദ്യോഗം കിട്ടുമെന്നാണു പ്രതീക്ഷ.

ശ്രീ എം. എം. മത്തായി : എന്തു സെക്യൂരിറ്റിയിന്മേലാണു അവർക്കു് ഈ ലോൺ കൊടുത്തിരിക്കുന്നതു് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതിനെസംബന്ധിച്ചു് വ്യവസ്ഥയുണ്ടു്. അതനുസരിച്ചാണു് കൊടുത്തിരിക്കുന്നതു്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : മൂന്നുകൊല്ലത്തിനുള്ളിൽ അവർക്കു ഉദ്യോഗം കിട്ടിയില്ലെങ്കിൽ ഈ സംഖ്യ മുഴുവനായിട്ടു അടയ്ക്കണമെന്നാണോ വ്യവസ്ഥ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : മുഴുവനായിട്ടു അടയ്ക്കേണ്ട. തവണകളായിട്ടു അടച്ചാൽ മതി.

Training of Health Visitors Course.

1815. A [31] **Shri K. A. Balan** : Will the Minister for Health be pleased to state :

(a) How many batches of maternity Assistants were given the training of Health Visitor's Course ;

(b) whether the candidates for the above training were selected by the Public Service Commission or by the Department ; and

(c) whether the department has promoted the trained hands to the posts of Health Visitors, if not why ?

LIBRARY ARCHIVES Kerala Legislative Assembly

Minister for Public Health (Dr. A. R. Menon) :

(a) Two batches.

(b) Ly the Department,

(c) They were appointed as Health Visitors.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : മേലാലെങ്കിലും ഇവരുടെ തിരഞ്ഞെടുപ്പു സർവ്വീസ് കമ്മീഷന്റെ പരിധിയിൽ കൊണ്ടുവരാൻ ആലോചിക്കുന്നുണ്ടോ ?

ഡാക്ടർ എ. ആർ. മേനോൻ : ഇല്ല. ഡയറക്ടർ, അസിസ്റ്റൻറ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ ഇവരടങ്ങിയ ഒരു കമ്മറിയാണ് ഇപ്പോൾ തെരഞ്ഞെടുപ്പു നടത്തുന്നത്. ഇതിനേക്കാൾ നല്ലതായിട്ട്, ഒരു കമ്മിറിയെ കിട്ടുകയില്ല. ഈ കമ്മിറിയോടുള്ള വിശ്വാസം എനിക്കു വേറെ ആരിലുമില്ല.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : പല ഡിപ്പാർട്ടുമെൻറുകളിലെയും സൂപ്രണ്ട് മുതൽക്കുള്ള എല്ലാ ഉദ്യോഗങ്ങളിലേക്കുമുള്ള തിരഞ്ഞെടുപ്പു കമ്മീഷൻ വിട്ടുകൊടുത്തിട്ടുള്ള നിലയ്ക്കു എന്തുകൊണ്ടും ഉത്തരവാദത്തോടുകൂടി ചെയ്യേണ്ട ഈ തിരഞ്ഞെടുപ്പും സർവീസ് കമ്മീഷനെ വിട്ടുകൊടുക്കുവാൻ വിരോധമുണ്ടോ ?

ഡാക്ടർ എ. ആർ. മേനോൻ : ഇതിലേയ്ക്കുള്ള തിരഞ്ഞെടുപ്പു സർവീസ് കമ്മീഷനെ വിട്ടുകൊടുത്താൽ ന്യായമായ ആളുകൾക്കു പ്രമോഷൻ കൊടുക്കാൻ സാധ്യമല്ലാതെ വരും. മുമ്പ് എഴുപതു എൺപതു സ്ത്രീകളെ മാറിനിറുത്തിയിരുന്നു. അവരെ ഇപ്പോൾ തിരിച്ചെടുത്തിരിക്കുകയാണ്. പല മെമ്പർമാരും എന്നെവന്നു ഈ കാര്യത്തിൽ ബഹുമുട്ടിക്കാറുണ്ട്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ഏതെല്ലാം മെമ്പറന്മാരാണ് അതെന്നു പറയാമോ ?

ഡാക്ടർ എ. ആർ. മേനോൻ : പല മെമ്പറന്മാരും ഉണ്ട്. പേരു ഞാൻ പറയുന്നില്ല.

ശ്രീ. ഇ. പി. ഇയ്യപ്പൻ : പല മെമ്പറന്മാരും എന്നു പൊതുവെ ഇങ്ങനെ മന്ത്രി പറയുന്നതു ശരിയല്ല. ആ മെമ്പറുടെ പേരു പറയുകയാണു വേണ്ടതു.

ഡാക്ടർ എ. ആർ. മേനോൻ : പേരു ഞാൻ പറയുന്നില്ല.

ഗ്രാഡ്വേറ്റ് അദ്ധ്യാപകരുടെ പ്രമോഷൻ.

* 1816. [32] ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: താഴെ കാണുന്ന ചോദ്യങ്ങൾക്കു വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർസ്കൂളുകളിൽ പ്രൈമറി വിഭാഗത്തിൽ ജോലി ചെയ്യുന്ന ഗ്രാഡ്വേറ്റ് അദ്ധ്യാപകരുടെ പ്രമോഷൻ സംബന്ധിച്ചുള്ള വ്യവസ്ഥകൾ എന്തെല്ലാം;

(ബി) ഇത്തരം അദ്ധ്യാപകരിൽ ടി. ടി. സി. പാസ്സായിട്ടുള്ളവർക്ക് പ്രത്യേക പരിഗണന വല്ലതും ഉണ്ടോ; അവരെ ബി. ടി. പരിശീലനത്തിൽ നിന്നു ഒഴിവാക്കുമോ; ഇവർക്ക് ഒരു പ്രത്യേക ഹ്രസ്വകാല പരിശീലനം ഏർപ്പെടുത്താൻ ആലോചനയുണ്ടോ;

(സി) ഇത്തരം എത്ര അദ്ധ്യാപകർ ഇന്നു സർക്കാർസ്കൂളുകളിൽ പ്രൈമറി വിഭാഗത്തിൽ ജോലി ചെയ്യുന്നുണ്ട്;

(ഡി) ഇവരിൽ ഏറ്റവും കൂടുതൽ സർവീസ് എത്ര കൊല്ലംവരെയുള്ളവരുണ്ടു;

LIBRARY ARCHIVES Kerala Legislative Assembly